**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1658** — **05-07-2022 - ൽ മറുപടിയ്ക്ക്**

**യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | യുവതലമുറ കാർഷികമേഖലയിൽ നിന്നും പിന്നാക്കം പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | യുവതലമുറ കാർഷികമേഖലയിൽ നിന്നും പിന്നാക്കം പോകുന്നത് ഒഴിവാക്കാനും യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പുതിയ തലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുവാനും അവരെ കാർഷിക മേഖലയിൽ നിലനിർത്തുന്നതിനും നൂതന കൃഷി രീതികളിലൂടെയും, യന്ത്രവൽക്കരണത്തിലൂടെയും വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും മികച്ച വരുമാനം ഉറപ്പാക്കുക എന്നത് അത്യന്താപേക്ഷികമായ ഘടകമാണ്.<br><br>സംസ്ഥാനത്ത് കാർഷിക മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനു നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഭക്ഷ്യ സംസ്കരണ രംഗത്ത് ചെറുകിട ഇടത്തരം സംരംഭങ്ങൾ വഴിയുള്ള ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ യുവതലമുറയെ സഹായിക്കുന്നതിന് കൃഷിവകുപ്പിന് സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന 50 FPOകൾ പുതുതായി രൂപീകരിക്കുവാനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകൾ ശാക്തീകരിക്കുവാനും ലക്ഷ്യമിടുന്നു. പ്രസ്തുത FPOകളിൽ യുവാക്കൾക്ക് ഭാഗമാകാവുന്നതാണ്. കൂടാതെ സംരംഭകത്വ പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സഹകരണ വകുപ്പുമായി ചേർന്ന് സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. കൃഷി വകുപ്പിൻ കീഴിലുള്ള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ആനുകൂല്യം നൽകി വരുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ മുഖേനയുള്ള സംരംഭങ്ങളിൽ യുവാക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്.<br><br>കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം എസ്.എഫ്.എ.സി മുഖേന സബ്സിഡി നൽകിവരുന്നു. |
| (സി) | ചാണകം, ആട്ടിൻവളം, കോഴിവളം, ജൈവവളം, കമ്പോസ്റ്റ്, ചകിരിചോർ തുടങ്ങിയവ ശാസ്ത്രീയമായി പാക്കറ്റിലാക്കി വിപണിയിലെത്തിക്കുന്നതിനും ഓൺലൈനായി വില്പന നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ സഹായങ്ങളാണ് കൃഷിവകുപ്പിന്റെ ഭാഗത്തുനിന്ന് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) | d)പ്ലാസ്റ്റിക്ക് ഗ്രോബാഗുകൾക്ക് പകരം മൺചട്ടിയും സിമന്റ് ചട്ടിയും പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത ചട്ടികൾ നിർമ്മിക്കുവാൻ തയ്യാറുള്ള ചെറുകിട യൂണിറ്റുകൾക്ക് എഫ്.പി.ഓ മുഖേന ധനസഹായവും, പ്രോത്സാഹനവും നൽകുന്നകാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) | പ്ലാസ്റ്റിക്ക് ഗ്രോബാഗുകൾക്ക് പകരം മൺചട്ടിയും സിമന്റ് ചട്ടിയും പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത ചട്ടികൾ നിർമ്മിക്കുവാൻ തയ്യാറുള്ള ചെറുകിട യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനും നിർമ്മിക്കുന്ന ചട്ടികൾ ശേഖരിച്ച് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ഡി) | ചാണകം, ആട്ടിൻവളം, കോഴിവളം, ജൈവവളം, കമ്പോസ്റ്റ്, ചകിരിചോർ തുടങ്ങിയവ വിൽക്കണമെങ്കിൽ പഞ്ചായത്തിൽ നിന്നും, കൃഷി വകുപ്പിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. കൃഷി വകുപ്പിൽ നിന്നും വിതരണ ലൈസൻസ് KSWIFT എന്ന Online Portal മുഖേനയാണ് ലഭിക്കുന്നത്. വളങ്ങളുടെ ഓൺലൈൻ വിൽപന കേന്ദ്ര സർക്കാർ നിരോധിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1.ഞങ്ങളും കൃഷിയിലേയ്ക്ക്

യുവാക്കളെയുൾപ്പെടെ എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ക്യാമ്പയിൻ ആണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾ, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിയിലൂടെ കേരളമൊട്ടാകെ കർഷക കൂട്ടായ്മകൾ മുഖേന വിവിധ വിളകൾ കൃഷി ചെയ്തുകൊണ്ട് കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തയിലേക്കു നയിക്കുന്നു. അതോടൊപ്പം തന്നെ വിപണനത്തിനും മൂല്യ വർദ്ധനവിനും കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത ക്യാമ്പയിനിൽ യുവാക്കളെ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

## 2.കൃഷിശ്രീ സെന്ററുകളും കാർഷിക കർമ്മസേനയും

കാർഷിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഫാം യന്ത്രവൽക്കരണ പദ്ധതിയുടെ ഭാഗമായി കൃഷിശ്രീ സെന്ററുകളും (അഗ്രോ സർവ്വീസ് സെന്ററുകൾ) കാർഷിക കർമ്മസേനയും എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത് കാർഷികമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. കാർഷിക കർമ്മസേനകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ബിസിനസ്സ് ഫണ്ടിലേയ്ക്കുള്ള സഹായമായി ഒരു കാർഷിക കർമ്മസേനയ്ക്ക് 25000 രൂപ നിരക്കിൽ നൽകുന്നു. 2022-23 വർഷത്തിൽ പുതിയതായി 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതാണ്.

ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയവ ഉല്പാദനോപാധികളുടെ ഉല്പാദനം, വിതരണം, കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നല്കുക, തെങ്ങുകയറ്റം, മരുന്നുതളി, നടീൽ തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ കാർഷിക കർമ്മസേനകൾ മുതലായവ മുഖേന കർഷകർക്ക് നല്കി വരുന്നു.

**3.ഇന്റേൺഷിപ് പരിപാടി**

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകര്ഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന സ്ഥാപനങ്ങളുമായ കൃഷി ഭവനുകളിൽ നിന്നും കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും, പഠിക്കുവാനും, പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്ക് വേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാർഷിക/ജൈവ കൃഷിയിൽ അവസാനവർഷ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളേയും, വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റ് ഉടമകളേയും ആറുമാസത്തേയ്ക്ക് ഇന്റേൺഷിപ്പിൽ ഏർപ്പെടുത്തുവാൻ ഈ സാമ്പത്തിക വർഷം പ്രതിമാസം 2500 രൂപ വീതം ആറു മാസത്തേക്ക് ഹോണറേറിയം നൽകുന്നു.

**4.പച്ചക്കറി കൃഷി വികസന പദ്ധതി**

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിനും ധനസഹായം നൽകിവരുന്നു. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും പച്ചക്കറി ഉല്പാദനത്തിനായി വെർട്ടിക്കൽ ഫാർമിംഗ് യൂണിറ്റുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുവാൻ ഈ വർഷം ഉദ്ദേശിക്കുന്നു. ഇത്തരം ആധുനിക കൃഷിരീതികൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ യുവാക്കളെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവട് വയ്പാണ്.

കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

**5.ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം**

ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം – ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രോജെക്ട് അടിസ്ഥാനത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക്

ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷിവകുപ്പ് മുഖാന്തിരം നൽകുന്നു.

### 6.കൃഷി പാഠശാല

2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ച് തന്നെ നല്ല കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാകൾക്കും കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളിലും ഉള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്. പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

### 7 വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതി എസ് എഫ് എ സി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കുവാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തിരം സാങ്കേതിക, സാമ്പത്തിക പിൻതുണ നൽകിവരുന്നു.

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും, യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ യുവ സംരംഭകർ അർഹരാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ വഴിയും യുവ സംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

തേനീച്ച വളർത്തലിനും, തേൻ ഉല്പാദനത്തിനുമുള്ള സഹായം സർക്കാർ നൽകുന്നു. അഗ്രിസ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രിബിസിനസ്സ് ഇൻകുബേറ്ററും മൂല്യ വർദ്ധനവ് രംഗത്തു കൂടുതൽ യുവാക്കൾ കടന്നുവരുന്നതിനു സഹായകരമാകുന്നു. സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ

ചെലവുകുറഞ്ഞ പിക് അപ് വാഹനങ്ങൾ /IIHR ട്രൈസൈക്കിൾ എന്നിവ ഈ വർഷം നടപ്പിലാക്കുന്നു. ഇതിലൂടെയും യുവ സംരംഭകർക്ക് പങ്കാളികളാവുന്നതാണ്.

കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. യുവ സംരംഭകർക്ക് മേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്.

**8. പരിശീലന പരിപാടികൾ**

കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും, സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും, പച്ചക്കറി വികസന പദ്ധതി കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ എന്നിവ വഴി നൽകിവരുന്നു.

**9.കിസാൻ ക്രെഡിറ്റ് കാർഡ്**

കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ഏകജാലകത്തിലൂടെ ലളിതമായ നടപടികളിലൂടെയും ബാങ്ക് വായ്പ പ്രദാനം ചെയ്യുന്ന പദ്ധതിയാണ് കിസാൻ ക്രഡിറ്റ് കാർഡ് പദ്ധതി. കാർഷിക മേഖലയിൽ സുതാര്യമായി ബാങ്ക് വായ്പകൾ ലഭ്യമാക്കാൻ നബാർഡാണ് 1998 ൽ പദ്ധതി വിഭാവനം ചെയ്തത്. കൃഷിഭൂമി സ്വന്തമായിട്ടുള്ള കർഷകർ, ഭൂവുടമയുടെ സമ്മതപത്രത്തോടെയുള്ള പാട്ടകൃഷി ചെയ്യുന്ന കർഷകർ, പുരുഷ/വനിത സ്വയം സഹായ സംഘങ്ങൾ (SHG), JLG ഗ്രൂപ്പുകൾ എന്നിവയിൽ ഉൾപ്പെടുന്ന കർഷകർ ഈ വായ്പക്ക് അർഹരാണ്. ജാമ്യമില്ലാതെ (Collateral Security) കൃഷിചെയ്യുന്ന വിളകളുടെ ചൂണ്ടിപ്പണയം (Hypothecation) വഴി 1.60 ലക്ഷം രൂപ വരെ അനുവദിക്കും. ചൂണ്ടിപണയവും വസ്തു ഈടും നൽകിയാൽ 1.60 ലക്ഷം മുകളിലും നൽകാം.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
| --- | --- | --- | --- |
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |